ഹുസൈൻ രണ്ടത്താണി

**ഇന്ത്യ വിഭജിച്ചതാര്?**

സ്വാതന്ത്ര്യത്തിന്റെ 65-ാം വാർഷിക വേളയിൽ ഇക്കണോമിക് ടൈംസിൽ വന്ന ലേഖനത്തിന്റെ തലക്കെട്ടാണിത്. ഇന്ത്യ വിഭജിച്ചില്ലായിരുന്നെങ്കിൽ രാജ്യം നില നില്ക്കില്ലായിരുന്നു എന്നാണ് പത്രം അഭിപ്രായപ്പെട്ടത്. വടക്കു പടിഞ്ഞാറേ ഇന്ത്യയെ മുറിച്ച് കളഞ്ഞില്ലായിരുന്നുവെങ്കിൽ ഇവിടെ മതത്തിന്റെ പേരിൽ ഹിന്ദുവും മുസ്‌ലിമും തമ്മിൽ നിലക്കാത്ത ചോരപ്പുഴ ഒഴുക്കുമായിരുന്നു. അതിന്റെ ചെറിയ മുന്നറിയിപ്പായിരുന്നു സ്വാതന്ത്ര്യ വേളയിൽ നാം കണ്ടത്. ജനങ്ങളെ മതത്തിന്റെ പേരിൽ ഇളക്കി വിടുകയും അത് വച്ച് ബ്രിട്ടീഷുകാരും, കോൺഗ്രസും, മുസ്‌ലിം ലീഗും, ഹിന്ദുത്വ ശക്തികളും യഥേഷ്ടം പകിട കളിക്കുകയും ചെയ്തപ്പോൾ ഇന്ത്യക്കാർ പരസ്പരം കടിച്ചു കീറാൻ തുടങ്ങി. അതിനിടയിൽ സ്വാതന്ത്ര്യം രക്തപങ്കിലമായി. ബ്രിട്ടീഷുകാർ കൊണ്ടു വന്നതാണ് ഭിന്നിപ്പിച്ച് ഭരിക്കൽ നയം. അതിന്റെ പ്രത്യാഘാതമാണ് അവർ വന്ന ശേഷമുള്ള ഇന്ത്യയുടെ ചരിത്രം. ഭിന്നിപ്പിച്ച് ഭരിക്കാൻ വേണ്ടി അവർ ചരിത്രത്തെ ഹിന്ദു മുസ്‌ലിം സംഘർഷത്തിന്റെ കഥയാക്കി. രാഷ്ട്രീയ സംഘർഷങ്ങളെ മതപരമായി വ്യാഖ്യാനിച്ചു. ബാബറും റാണാപ്രതാപനും തമ്മിലുണ്ടായ യുദ്ധങ്ങളെ രണ്ടു മതങ്ങളുടെ പേരിലെഴുതി. അവ്റംഗസേബും ശിവാജിയും രണ്ടു മതങ്ങളുടെ വക്താക്കളായി. സുൽതാൻമാരുടേയും മുഗളരുടേയും ചരിത്രത്തിന് മാത്രമായി മതം നയം തുന്നിച്ചേർത്ത് വികൃതമാക്കി. അതേ സമയം രജപുതൻമാർ തമ്മിലും നാട്ടു രാജ്യങ്ങൾ തമ്മിലും നടത്തിയ നിലക്കാത്ത രക്തച്ചൊരിച്ചിലുകൾ വിഴുങ്ങിക്കളഞ്ഞു. പാശ്ചാത്യരുടെ പൗരസ്ത്യ വിരോധം മുഖ്യമായും മുസ്‌ലിംകളോടാണ് തീർത്തത്. തങ്ങൾക്ക് ഗുണം തോന്നിടത്തൊക്കെ അവർ തക്കം നോക്കി പക്ഷം പിടിച്ചു. പന്നിയേയും പശുവിനേയും വച്ച് കൊച്ചു ഗ്രാമങ്ങളിൽ പോലും ഹിന്ദു മുസ്‌ലിം വൈരം വർധിപ്പിച്ചു. തങ്ങളുടെ ഇംഗീതത്തിന് വഴങ്ങുന്ന പാർട്ടികളെ സൃഷ്ടിച്ച് തമ്മിലടിപ്പിച്ചു. ഉപ ഭൂഖണ്ഡത്തെ വെട്ടി മുറിച്ച് ഒരിക്കലും സൗഹൃദത്തിലാവാത്ത രണ്ടു രാജ്യങ്ങളെ സൃഷ്ടിക്കുകയും ചെയ്താണ് ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടേച്ചു പോയത്.

ഒററ വാക്കിൽ പറയുമ്പോൾ നമ്മുടെ രാജ്യത്തെ വിഭജിച്ചത് ബ്രിട്ടീഷുകാരായിരുന്നു. ആരൊക്കെയാണ് ബ്രിട്ടീഷുകാരെ ഇതിന് സഹായിച്ചത് എന്നതാണ് രണ്ടാമത്തെ ചോദ്യം. എല്ലാവരും പരസ്പരം കുററപ്പെടുത്തും. മുസ്‌ലിംലീഗ് കോൺഗ്രസിനെ കുററപ്പെടുത്തും. കോൺഗ്രസ് മറിച്ചും. വിഭജനം തെററായിപ്പോയില്ലേ എന്ന് ചോദിക്കുമ്പോഴും ഉത്തരങ്ങൾ പലത്. പാകിസ്ഥാനികൾ പറയും, വിഭജിച്ചത് നന്നായി. ഹിന്ദു മേധാവിത്തത്തിൽ നിന്ന് രക്ഷപ്പെട്ടു എന്ന്. ഇന്ത്യക്കാർ പറയും വിഭജനം നന്നായി . മുസ്‌ലിം ലീഗിന്റെ ശല്യത്തിൽ നിന്ന് രക്ഷപ്പെട്ട് കിട്ടിയല്ലോ? വിഭജനം നന്നായി എന്ന് പറയുന്ന അനലിസ്ററുകളുമുണ്ട്. ബാൾക്കൻ രാജ്യങ്ങളിലെ ജനങ്ങൾ തുർക്കി ഭരണത്തിൽ ഒന്നിച്ച് ജീവിച്ചതായിരുന്നല്ലോ? അവരിൽ ദേശീയ ഭ്രാന്തും മത ഭ്രാന്തും ആവാഹിച്ചപ്പോൾ പരസ്പര ശത്രുത വളർന്നു. അങ്ങനെ ആ പ്രദേശത്തെ കൊച്ചു രാജ്യങ്ങളായി വിഭജിക്കേണ്ടി വന്നു. അത് ചെയ്തില്ലായിരുന്നില്ലെങ്കിൽ അവിടെ നിലക്കാത്ത കൂട്ടക്കൊലകൾ നടക്കുമായിരുന്നു. അങ്ങനെ ചിന്തിക്കുമ്പോൾ ഇന്ത്യ വിഭജിച്ചതും നന്നായി എന്ന് പറയേണ്ടി വരും. ദേശീയ നേതാക്കൾ പുറത്ത് പറയുന്നത് വിഭജനം ദൗർഭാഗ്യകരമായിപ്പോയി എന്നാണ്. ശരിയാണ് നിർഭാഗൗ്യകരം തന്നെയാണ്. പക്ഷേ നടക്കേണ്ടത് നടക്കണമല്ലോ? ഇനി വിഭജിച്ചാൽ തന്നെയും എന്ത് കൊണ്ട് ഇന്ത്യക്കും പാകിസ്ഥാനും തമ്മിൽ പരസ്പര സ്നേഹത്തോടെ കഴിഞ്ഞു കൂടാ. ഇതാണ് ഗാന്ധിജി ചോദിച്ചത്. വിഭജിക്കുകയേ മാർഗമുള്ളുവെങ്കിൽ നമുക്ക് സഹോദരൻമാരെപോലെ പിരിഞ്ഞു കൂടേ എന്ന്.

**കോൺഗ്രസിന്റെ പങ്ക്**

വിഭജനത്തിന്റെ മൂലകാരണക്കാർ ബ്രിട്ടീഷുകാരാണെങ്കിൽ പിന്നെ വരുന്നത് ഇന്ത്യയിലെ രാഷ്ട്രീയക്കാരാണ്. കോൺസ്രസിനും, മുസ്‌ലിം ലീഗിനും ഹിന്ദു മഹാ സഭക്കും ഈ ഉത്തരവാദിത്തത്തിൽ നിന്ന് കൈ കഴുകാനാവില്ല. ഇങ്ങനെ പറഞ്ഞാൽ ദേശീയ ചരിത്രകാരൻമാരോ, സാമുദായിക ചരിത്രകാരൻമാരോ

സമ്മതിക്കില്ലെന്നത് തീർച്ച. കോൺഗ്രസിന് മുസ്‌ലിം ലീഗിനെ കുററപ്പെടുത്തണം. മുസ്‌ലിം ലീഗിന് മറിച്ചും. കോൺഗ്രസ് പിറന്നത്, അംബേദ്കർ എഴുതിയ പോലെ അടിസ്ഥാനപരമായി ഒരു ബ്രാഹ്മണ പുനരുദ്ധാരണ പ്രസ്ഥാനമായാണ്. കൗൺസിലുകളിൽ അവരുടെ സ്ഥാനം ഉറപ്പിക്കുകയായിരുന്നു ഇവർക്ക് ലക്ഷ്യം. മററ് സമുദായക്കാരുടെ കാര്യങ്ങളിൽ ഒരു താല്പര്യവും ആ പാർട്ടിക്കുണ്ടായില്ല. മഹാത്മാഗാന്ധി വരുന്നത് വരെ പാർട്ടിയുടെ നിലപാട് അതായിരുന്നു. അതേ സമയം കോൺഗ്രസ് തന്നെയാണ് സ്വാതന്ത്ര്യ സമരത്തിൽ മുന്നിട്ട് നിന്നത്. മുസ്‌ലിം ലീഗ് പൊതുവേ ഇക്കാര്യത്തിൽ വലിയ പങ്ക് വഹിച്ചിട്ടില്ല. ഹിന്ദു മഹാ സഭയാവട്ടെ, ബ്രിട്ടീഷുകാരെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. കോൺഗ്രസും മുസ്‌ലിം ലീഗും പിറന്ന് വീണത് തന്നെ ബ്രിട്ടീഷുകാരുടെ ആശീർവാദത്തോടെയാണ്. ഹിന്ദു മഹാ സഭ വി.ഡി സവർക്കർ ബ്രിട്ടീഷുകാർക്ക് നല്കിയ മാപ്പപേക്ഷയുടെ ഫലമായി വന്നതാണ്. ബ്രിട്ടീഷുദ്യോഗസ്ഥൻമാരുടെ സാന്നിധ്യവും ആശീർവാദവും കോൺഗ്രസിനുണ്ടായിരുന്നെങ്കിലും ലീഗിന്റെ രൂപീകരണയോഗത്തിലേക്ക് ബ്രിട്ടീഷുകാരെ ക്ഷണിച്ചില്ല. മത സൗഹൃദം ഉറപ്പിക്കുന്നതോടൊപ്പം കോൺഗ്രസുകാരുമായി സൗഹൃദത്തിൽ കഴിയാനുമാണ് തുടക്കത്തിൽ മുസ്‌ലിം ലീഗ് തീരുമാനിച്ചിരുന്നത്. അങ്ങനെയാണ് 1911ൽ കോൺഗ്രസും ലീഗും സംയുക്തമായി സമ്മേളിക്കുന്നത്.

മുസ്‌ലിം ലീഗിന്റെ പ്രചാരണ വേളയിൽ മുഹമ്മദലി ഇത്രയും പറഞ്ഞു: ''മുസ്‌ലിം ലീഗും കോൺഗ്രസും റോഡിനിരുവശവും വളരുന്ന രണ്ട് വൃക്ഷങ്ങളെപ്പോലെയാണ്. അവരുടെ ശരീരം രണ്ടാണ് എന്നാൽ വേരുകൾ ഒരേ മണ്ണാലാണ് ഉറപ്പിച്ചിരിക്കുന്നത്. ഒരേ മണ്ണിൽ നിന്നാണ് ഭക്ഷണവും സ്വീകരിക്കുന്നത്. രണ്ടു മരങ്ങളും പൂർണ വളർച്ചയെത്തിയാൽ അവയുടെ ശാഖകൾ തമ്മിൽ കൂടിച്ചേരും. അങ്ങനെ രണ്ടും വഴി യാത്രക്കാർക്ക് തണലേകും.'' (അഫ്സൽ ഇഖ്ബാൽ, *ലൈഫ് & ടൈംസ് ഓഫ് മുഹമ്മദലി*, 1978, 43). ഇന്ത്യയിലെ ഏററവും വലിയ ന്യൂനപക്ഷമായ മുസ്‌ലികൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ കോൺഗ്രസ് അഡ്രസ് ചെയ്യാത്തതാണ് മുസ്‌ലിം ലീഗിന്റെ ജനനത്തിന് വഴി വച്ചത്. കോൺഗ്രസാവട്ടെ, ലീഗിനെ പലപ്പോഴും അവഗണിക്കുകയായിരുന്നു. ഇവരെ തമ്മിലകററുന്നതിൽ ബ്രിട്ടീഷുകാരും കൊണ്ടു പിടിച്ചു ശ്രമിച്ചു. അവഗണന മൂലം കോൺഗ്രസിൽ നിന്ന് മുസ്‌ലിംകൾ കൂടൊഴിഞ്ഞു കൊണ്ടിരുന്നു. അവർ മതപരമായ ഭിന്നതകൾ മാററിവച്ച് മുസ്‌ലിം ലീഗിൽ അണി നിരന്ന് വന്നു. സുന്നി, ശിയാ ചേരി തിരിവ് വരെ മാഞ്ഞുവന്നു. മുസ്‌ലിം ലീഗിന് നേതൃത്വം കൊടുത്തവരിൽ മുഹമ്മദലി ജിന്ന, ആഗാഖാൻ, രാജാ മഹ്മൂദാബാദ് എന്നിവരടക്കം നല്ലൊരു ഭാഗം ശിയാ വിഭാഗക്കാരായിരുന്നു. എന്നിട്ടും ഒരു അസ്വാരസ്യവും അപ്പേരിൽ ഉണ്ടായില്ല. തികച്ചും പാശ്ചാത്യ ജീവിതം നയിച്ച ജിന്ന സമുദായത്തിന്റെ ദേഹവും ദേഹിയുമായി വാഴ്ത്തപ്പെട്ടു: (മില്ലത് കി പാസ്ബാൻ ഹെ മുഹമ്മദലി ജിനാഹ്, മില്ലത് കി ജിസ്മ് ജാൻ ഹെ മുഹമ്മദലി ജിനാഹ്). യൂറോപ്യൻ രാഷ്ട്രീയത്തെ പററി കൂടുതലറിയുന്ന ആളെന്ന നിലക്കും, മുസ്‌ലിം പ്രശ്നങ്ങൾ ബ്രിട്ടീഷുകാരുടെ മുന്നിൽ അവതരിപ്പിക്കാൻ പററിയ വ്യക്തിയെന്ന നിലക്കുമാണ് ജിന്ന നേതാവാകുന്നത്. മുസ്‌ലിം ലീഗിന്റെ സ്വാധീനം മറി കടക്കാനാണ് പണ്ഡിതനും ഭക്തനുമായ മൗലാനാ ആസാദിനെ കോൺഗ്രസ് അവരോധിച്ചതെങ്കിലും മുസ്‌ലിം പ്രശ്നങ്ങളിൽ വ്യക്തമായ നിലപാടില്ലാത്ത ആസാദിനെ കോൺഗ്രസിന്റെ കാഴ്ചപ്പണ്ടമെന്നാണ് ജിന്ന മുദ്രയടിച്ചത്.

**ന്യൂനപക്ഷ പ്രശ്നങ്ങൾ**

ഇംഗ്ലണ്ടിലേത് പോലെ ജനാധിപത്യം അതേ പടി ഇന്ത്യയിൽ നടപ്പാക്കുമ്പോൾ ന്യൂനപക്ഷമായ മുസ്‌ലിംകളുടെ പ്രശ്നങ്ങൾ അവഗണിക്കപ്പെടുമെന്ന വേവലാതി മുസ്‌ലിം ലീഗ് മുന്നോട്ട് വച്ചു.. ഇക്കാര്യം കോൺഗ്രസ് വേദിയിൽ പല തവണ അവതരിപ്പിച്ചെങ്കിലും പാർട്ടി ചെവി കൊടുക്കാത്തതാണ് മുസ്‌ലിം ലീഗിന് വളമേകിയത്. ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക അവകാശങ്ങളും പ്രത്യേക തിരഞ്ഞെടുപ്പ് മണ്ഡലങ്ങളും ആവശ്യമാണെന്ന് കോൺഗ്രസിനെ മുസ്‌ലിം നേതാക്കൾ തെര്യപ്പെടുത്തിയെങ്കിലും അതൊന്നും പാർട്ടി മുഖവിലക്കെടുത്തില്ല. പാർട്ടിയുടെ പ്രവർത്തനങ്ങളിൽ കൂടുതലും ബ്രാഹ്മണത്വമാണ് മുഴച്ചു നിന്നത്. ഗംഗയിൽ കുളിക്കലും പൂജ നടത്തലും വേദമന്ത്ര ജപങ്ങൾ ചൊല്ലലും കോൺഗ്രസ് വേദികളിൽ പതിവായി. ബ്രിട്ടീഷുകാരല്ല; മുഗളരാണ്

ഇന്ത്യയുടെ ശത്രുക്കൾ എന്ന് പ്രചരിപ്പിക്കുന്ന ബങ്കിം ചന്ദ്രന്റെ ആനന്ദ മഠം നോവലും അതിലെ വന്ദേ മാതരവും കോൺഗ്രസ് ദേശീയതയുടെ ഭാഗമായി. ഹിന്ദി ഉർദു വിവാദത്തിൽ ഉർദുവിനെതിരെ ചില കോൺഗ്രസ് നേതാക്കൾ നിലയുറപ്പിച്ചതും മറെറാരു കാരണം.

ഈ പ്രശ്നങ്ങളൊക്കെ മറന്ന് 1916ൽ കോൺഗ്രസും ലീഗും യോജിച്ചു നീങ്ങാൻ മുഹമ്മദലി ജിന്ന കളമൊരുക്കി. മുസ്ലംലീഗ് സമ്മേളനത്തിൽ മഹാത്മാ ഗാന്ധി, മദൻ മോഹൻ മാളവ്യ, സരോജിനി നായിഡു തുടങ്ങിയ കോൺഗ്രസ് നേതാക്കൾ പങ്കെടുത്തു.. ജിന്ന അന്ന് കോൺഗ്രസിലായിരുന്നു എന്ന് കൂടി ഓർക്കണം. അതേ സമയം ഹിന്ദു മഹാ സഭ ഈ നീക്കത്തെ എതിർക്കുകയായിരുന്നു. 1916ലെ ലക്നോ ഉടമ്പടിയിൽ പ്രവിശ്യകൾക്ക് പരമാവധി സ്വാതന്ത്ര്യം നല്കുന്ന ഫെഡറൽ സ്വയം ഭരണമാണ് രാജ്യത്ത് വേണ്ടതെന്ന് ഇരു പാർട്ടികളും അംഗീകരിച്ചു. കോൺഗ്രസ് തലപ്പത്ത് മഹാത്മാ ഗാന്ധി വന്നതോടെ ഹിന്ദു മസ്ലിം ബന്ധം ശക്തിപ്പെട്ടു. മുസ്ലിംകൾ കൂടുതലായി കോൺഗ്രസ് വേദിയിലെത്തുകയും ചെയ്തു. ഖിലാഫത് പ്രസ്ഥാനം വന്നതോടെ ലീഗ് ദുർബലമാവുകയായിരുന്നു. ഒപ്പം കോൺഗ്രസ് പൂർവാധികം ശക്തിപ്പെട്ടു. മുസ്ലിംകൾ കൂട്ടത്തോടെ കോൺഗ്രസിലേക്കൊഴുകി. ഖിലാഫത് പ്രസ്ഥാനവും നിസ്സഹകരണ പ്രസ്ഥാനവും തിരിച്ചറിയാത്ത വിധം ഒന്നിച്ചപ്പോൾ സ്വാതന്ത്ര്യത്തിന് വേണ്ടി ഏററവും വലിയൊരു ബഹുജന പ്രസ്ഥാനം ഉടലെടുക്കുകയായിരുന്നു. ഇതേ കുറിച്ച് ശ്രീ രാം ഗോപാൽ എഴുതുന്നു: ഹിന്ദുക്കളും മുസ്ലിംകളും ഗാന്ധിജിയുടെ വിളിക്ക് ഉത്തരം നല്കി. മുസ്ലിംകൾ തങ്ങളെ സംബോധന ചെയ്യാൻ ഹിന്ദു നേതാക്കളെ പള്ളികളിലേക്ക് ക്ഷണിച്ചു. തങ്ങളോടുള്ള ഇന്ത്യൻ ജനതയുടെ എതിർപ്പ് നിയന്ത്രിക്കാൻ ബ്രിട്ടീഷിന് കഴിഞ്ഞില്ല. ഭയ വിഹ്വലരായ ഗവൺമെന്റ് വെടി വെപ്പിലൂടെ ഇതിനെ നേരിട്ടു. ആയിരക്കണക്കിനാളുകളെ കൊന്നു. 1857ലെ സ്വാതന്ത്ര്യ സമരത്തിന് ശേഷം ഹിന്ദുക്കളും മുസ്ലിംകളും ഇങ്ങനെ ഒരുമിച്ചിട്ടില്ല. ഗാന്ധിജി ഇപ്പോൾ ഹിന്ദുക്കളടേയും മുസ്ലിംകളുടേയും മറെറല്ലാ സമുദായക്കാരുടേയും നേതാവാണ്.' (മുഹമ്മദ് റസാ ഖാൻ, വാട്ട് *പ്രൈസ് ഫ്രീഡം*, 1969, 10–11)

**വർഗീയ കുതന്ത്രങ്ങൾ**

ഹിന്ദുക്കളും മുസ്ലിംകളും തമ്മിലുള്ള ഐക്യം തകർക്കേണ്ടത് ബ്രിട്ടീഷുകാരുടെ ആവശ്യമായിരുന്നു. അതിന് ഹിന്ദു വർഗീയ സംഘടനകളുടേയും കോൺഗ്രസിലെ തന്നെ സാമുദായിക വാദികളുടേയും സഹായം സർക്കാറിന് ലഭിച്ചു. ആഗാഖാനടക്കമുള്ള ഏതാനും മുസ്ലിം രാജഭക്തൻമാരും ബ്രിട്ടീഷുകാർക്കൊപ്പം നിന്നെങ്കിലും വലിയ കാര്യമുണ്ടായില്ല. ഈ സന്ദർഭത്തിലാണ് മുസ്ലിംകൾക്കെതിരെ ഹിന്ദു സാമുദായിക വാദികൾ ഒരു ആരോപണവുമായി വന്നത്. ഇന്ത്യ ഭരിക്കാൻ മുസ്ലിംകൾ അഫ്ഗാൻ അമീറിനെ ക്ഷണിക്കുകയാണെന്ന്. സത്യത്തിൽ അങ്ങനെയൊന്ന് മുസ്ലിം നേതാക്കളാരും ചിന്തിച്ചിരുന്നില്ല. പക്ഷേ ബ്രിട്ടീഷ് മാധ്യമങ്ങൾ ഇങ്ങനെ ഒരാരോപണത്തിന് പൊടിപ്പും തൊങ്ങലും വച്ചു. ആരോപണം മുഹമ്മദലിയുടെ തലയിൽ വച്ചു. ഇക്കാര്യത്തിൽ മുഹമ്മദലിയും മഹാത്മജിയും പിണങ്ങിയെന്നും വാർത്ത വന്നു. ഖിലാഫത് മുസ്ലിം ലീഗ് കമ്മററികൾ ആരോപണങ്ങളെ ശക്തമായി നിഷേധിച്ചു. അപ്പോഴേക്ക് ശ്രീ അരോബിന്ദോ ഹിന്ദു മുസ്ലിം ഐക്യത്തെ തള്ളിപ്പറഞ്ഞു. ''എന്നെങ്കിലും ഹിന്ദുക്കൾക്ക് മുസ്ലിംകളോട് യുദ്ധം ചെയ്യാതെ പററില്ല. അതിന് ഹിന്ദുക്കൾ തയാറെടുക്കുക തന്നെ വേണം- അരോബിന്ദോ പറഞ്ഞു. (പുരാനി, *ഈവനിങ്ങ് ടാക് വിത് അരോബിന്ദോ*, 1975, 50). ചരിത്രത്തിലൂടെ കണ്ണോടിച്ചാൽ ഹിന്ദു മുസ്ലിം ഐക്യം മരീചികയാണെന്ന് കാണാമെന്നും ദുഷിച്ച സ്വാഭാവം മുസ്ലിംകളുടെ മജ്ജയിലലിഞ്ഞതാണെന്നും സാമുദായിക വാദി ലാലാ ലജ്പത്റായ്. മുസ്ലിം രാജ്യങ്ങളെല്ലാം കൂടി ചേർന്ന് ഇന്ത്യയെ ആക്രമിച്ചേക്കുമെന്ന് പറഞ്ഞ് അദ്ദേഹം ഹിന്ദുക്കളെ മുസ്ലിംകൾക്കെതിരെ തിരിച്ചു. ഇത് ലാലാജിയും മുഹമ്മദലിയും തമ്മിലുള്ള വാഗ്വാദങ്ങൾക്ക് വഴി വച്ചു. അപ്പോഴേക്കും വന്നു, ഹിന്ദു മുസ്ലിം ഐക്യത്തെ എതിർത്ത് കൊണ്ട് മറെറാരു ഹിന്ദു നേതാവ് ലാലാ ഹർദയാൽ. മുസ്ലിംകളേയും ക്രിസ്ത്യാനികളേയും ശുദ്ധീകരിച്ച് ഹിന്ദു മതത്തിൽ തിരിച്ചു കൊണ്ടു വരണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ഹിന്ദുക്കൾ ഭരണാധികാരികളും മുസ്ലിംകൾ ഭരണീയരുമാവണം.

ഹിന്ദു മുസ്ലം ഐക്യം ശുദ്ധ അസംബന്ധമാണ്. സ്വരാജ്യം ലഭിക്കുന്നതിന് മുസ്ലിംകളുടെ ആവശ്യമില്ലെന്നും അദ്ദേഹം എഴുതി, (ഖാൻ ദുർറാനി, *മീനിങ്ങ് ഓഫ് പാകിസ്ഥാൻ*, 74-76).

കോൺഗ്രസിനെ വിമർശിച്ച് പത്തൊമ്പതാം നൂററാണ്ടിന്റെ അവസാനം രംഗത്ത് വന്ന സർസയ്യിദ് അഹ്മദ്ഖാൻ ഇംഗ്ലണ്ടിലേത് പോലെ പ്രാതിനിധ്യ ഭരണം വ്യത്യസ്ത സംസ്കാരങ്ങളുള്ള ഇന്ത്യയിൽ അതേ പടി നടപ്പാക്കാനാവില്ലെന്ന് പ്രസ്താവിച്ചിരുന്നു. ഹിന്ദുക്കളും മുസ്ലിംകളും വ്യത്യസ്ത സമൂഹങ്ങളാ (രാഷ്ട്രം/ഖൗം)യതിനാൽ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാതെ ഭൂരിപക്ഷ പ്രാതിനിധ്യം പററില്ലെന്നാണ് അദ്ദേഹം വാദിച്ചത്. ഹിന്ദു മുസ്ലിം ഐക്യത്തെ വിമർശിച്ച ഹിന്ദു നേതാവ് വി.ഡി സവർക്കർ 1923ൽ ഹിന്ദുക്കൾ ഒരു രാഷ്ട്രമാണെന്നും എന്നാൽ മുസ്ലിംകൾ കേവലം ഒരു സമുദായം മാത്രമാണെന്നും പ്രസ്താവിച്ചു(ഹിന്ദുത്വ 1924, 4). അതിനാൽ ഹിന്ദുസ്ഥാനിലെ മുസ്ലിംകൾ ഒന്നുകിൽ ഹൈന്ദവ സംസ്കാരവും ഭാഷയും സ്വീകരിക്കുകയോ, അല്ലെങ്കിൽ അവകാശങ്ങളൊന്നുമില്ലാതെ ഇവിടെ കഴിഞ്ഞു കൂടുകയോ ചെയ്യണമെന്ന് ആറെസ്സെസ്സ് നേതാവ് ഗോൾവാൾക്കറും എഴുതി. സാമുദായിക വാദികൾക്ക് ഗാന്ധിജി ഇപ്രകാരം മറുപടി നല്കി: ‘‘ഇവിടെ ജനിച്ചവർക്കും ഇവിടെ നിന്ന് അപ്പം തിന്നുന്നവർക്കും സ്വന്തമായി രാജ്യമില്ലാത്തവർക്കും അവകാശപ്പെട്ടതാണ് ഹിന്ദുസ്ഥാൻ. അത് കൊണ്ട് ഹിന്ദുക്കളുടേത് പോലെ പാർസികൾക്കും ബനീ ഇസ്രായീല്യർക്കും , ക്രിസ്ത്യാനികൾക്കും, മുസ്ലിംകൾക്കും, ഇതര അഹിന്ദുക്കൾക്കും ഇവിടെ അവകാശമുണ്ട്. സ്വതന്ത്ര ഇന്ത്യയിൽ ഹിന്ദു രാജ് ഉണ്ടായിരിക്കില്ല. ഇന്ത്യൽ രാജ് മാത്രമായിരിക്കും. അത് ഏതെങ്കിലും മതത്തേയോ സമുദായത്തേയോ അടിസ്ഥാനമാക്കിയുമാവില്ല. (*ഹരിജൻ,* 1942, ആഗസ്ത് 9). കോൺഗ്രസ് നേതാവ് മദൻ മോഹൻ മാളവ്യ ശുദ്ധി പ്രസ്ഥാനത്തെ അനുകൂലിച്ചു രംഗത്ത് വന്നതോടെ കോൺഗ്രസിലെ തീവ്രവാദികൾ അദ്ദേഹത്തോടൊപ്പം ചേർന്നു. ലജ്പത് റായ് പഞ്ചാബിൽ ശുദ്ധിപ്രസ്ഥാനത്തിന് നേതൃത്വം നല്കി. മതം മാറിയവരെ തിരികെ കൊണ്ടു വരികയാണ് ലക്ഷ്യം. ഗാന്ധിജി ഹിന്ദു വിരുദ്ധനാണെന്ന ആരോപണവും ആര്യ സമാജക്കാർ ഉയർത്തി. താമസിയാതെ മുസ്ലിംകൾക്കെതിരെ ഹിന്ദു ഐക്യം പ്രഖ്യാപിച്ച് കൊണ്ട് സങ്തൻ പ്രസ്ഥാനം വന്നു. മുസ്ലിംകളും വെറുതെ നിന്നില്ല. അവർ തബ്ലീഗ്, തൻസീം പ്രസ്ഥാനങ്ങളുമായി വന്നു. ഈ പ്രസ്ഥാനങ്ങൾ എല്ലാം കൂടി ദേശീയതയുടേയും ദേശസ്നേഹത്തിന്റേയും പാപ്പരത്തം പ്രഖ്യാപിച്ചുവെന്ന് മുഹമ്മദലി പ്രസ്താവിച്ചു.

**ആര്യ സമാജത്തിന്റെ ഉപജാപങ്ങൾ**

ആര്യ സമാജക്കാരനായ മഹാശെ രാജ്പാൽ പ്രവാചകനെ ഭ്രാന്തനായി ചിത്രീകരിച്ചു കൊണ്ട് *രൻജിലാ റസൂൽ* എന്ന ക്ഷുദ്ര കൃതി പ്രസിദ്ധീകരിച്ചതോടെ മുസ്ലറികൾ ഇളകി വശായി. സീതാ ദേവിയെ വേശ്യയായി ചിത്രീകരിച്ചു കൊണ്ട് ഒരു മുസ്ലിം മത ഭ്രാന്തൻ *സീതാ കി ചിന്നാൽ* എന്ന ലഘുലേഖയുമായി വന്നു. ആദ്യ കാലത്ത് ഹിന്ദു മുസ്ലിം മൈത്രിക്ക് വേണ്ടി യത്നിക്കുകയും പിന്നീട് ആര്യ സമാജത്തിലൂടെ വർഗീയ വാദിയായി മാറുകയും ചെയ്ത സ്വാമി ശ്രദ്ധാനന്ദനെ അബ്ദു റഷീദ് എന്നയാൾ കൊലപ്പെടുത്തി. പകരം അബ്ദുറഷീദ് കൊല്ലപ്പെട്ടപ്പോൾ മുസ്ലിം വിഭാഗങ്ങൾക്ക് അദ്ദേഹം രക്ത സാക്ഷിയായി. മുഹമ്മദലിയേയും വധിക്കുമെന്ന് ആര്യ സമാജക്കാർ ഭീഷണി മുഴക്കിയിരുന്നു. മലബാറിൽ ഹിന്ദുക്കൾക്കെതിരെ മുസ്ലിംകൾ കലാപമഴിച്ചു വിട്ടിരിക്കുന്നുവെന്ന് സർക്കാർ മാധ്യമങ്ങൾ ഉത്തരേന്ത്യയിൽ വ്യാപകമായി പ്രചരിപ്പിച്ചു. വർഗീയ കലാപങ്ങൾ ആളിക്കത്തിക്കുകയായിരുന്നു ഇവരുടെ ലക്ഷ്യം. ഇത് വായിച്ച് ആനി ബസന്റടക്കമുള്ളവർ ഖിലാഫതിനെതിരെ രംഗത്തെത്തി. കോൺഗ്രസും മലബാർ സമരം ഹിന്ദുവിനെതിരെയാണെന്ന് സമ്മതിച്ചു കൊടുത്തു. സർക്കാറും ആര്യ സമാജവും കൂടി മാപ്പിളമാരെ ഭീകരൻമാരാക്കി കൊണ്ടുള്ള കഥകളും ഉത്തരേന്ത്യയിൽ പ്രചരിപ്പിച്ചു കൊണ്ടിരുന്നു. ശുദ്ധി കർമം നടത്താൻ ആര്യ സമാജിസ്ററുകൾ മലബാറിലേക്ക് പുറപ്പെട്ടു. ഇന്ത്യയിലെങ്ങും വർഗീയി കലാപം രൂക്ഷമായി. പോലീസ് പക്ഷം പിടിച്ച് കലാപം രൂക്ഷമാക്കി. രാത്രി സമയങ്ങളിൽ പള്ളികളുടെ മുമ്പിൽ പന്നിയുടേയും ക്ഷേത്രങ്ങൾക്ക് മുമ്പിൽ പശുവിന്റേയും ശവം കൊണ്ടു വന്നിട്ട് ഇരു സമുദായത്തെയും തമ്മിലടിപ്പിച്ചു. കോൺഗ്രസിൽ നിന്ന് മുസ്ലിം ഹിന്ദു വിഭാഗങ്ങൾ

അകന്നു. 1926ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസിനെ പാർട്ടിയിലെ തന്നെ ഹിന്ദു തീവ്രവാദികൾ തോല്പിച്ചു.

**മോതിലാൽ നെഹ്റു റിപ്പോർട്ട്**

ഹിന്ദു മുസ്‌ലിം ഐക്യം തകരുകയും ഹിന്ദു വർഗീയത രൂക്ഷമാവുകയും ചെയ്ത സന്ദർഭത്തിൽ ഭൂരിപക്ഷ വർഗീയതയോട് രാജിയാവാതെ കോൺഗ്രസിന് നില നില്പില്ലെന്ന് നേതൃത്വം മനസ്സിലാക്കി. സ്വരാജിസ്ററ് ഗ്രൂപ്പിന്റെ നേതാവിന്റെ തന്നെ വാക്കുകളിൽ: 'ഹിന്ദു മഹാസഭയുടെ വിജയം കോൺസ്രസ് നേതാക്കളെ വ്യക്തമായി സ്വാധീനിച്ചു. അവർ പ്രായോഗികമായി തന്നെ ഹിന്ദു നിലപാട് അംഗീകരിക്കുകയും ഹിന്ദു മഹാസഭക്ക് കീഴടങ്ങുകയും ചെയ്തു (രങ്ക അയ്യർ, *പീസ് ഓർ വാർ*, 116–17). പാർട്ടിയുടെ മുരടിപ്പില്ലാതാക്കാൻ മോതിലാൽ നെഹ്റു ഹിന്ദു മഹാസഭയുമായി ചങ്ങാത്തമുണ്ടാക്കി. ഈ അവസരത്തിലാണ് ഇന്ത്യക്ക് ഭാവി ഭരണ ഘടന ചർച്ച ചെയ്യാൻ സൈമൺ കമ്മീഷൻ വരുന്നത്. കോൺഗ്രസ് കമ്മീഷനെ ബഹിഷ്കരിച്ചു. ഇതേ തുടർന്ന് മോതിലാലിന്റെ അധ്യക്ഷതയിൽ ഒരു സർവ കക്ഷി സമ്മേളനം നടന്നു. മോതിലാലിന്റെ നേതൃത്വത്തിൽ തന്നെ ഇന്ത്യക്ക് ഭാവി ഭരണഘടന ഉണ്ടാക്കാൻ പുതിയൊരു കമ്മീഷൻ നയമിക്കപ്പെട്ടു.

മോതിലാൽ തന്റെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചത് ഹിന്ദു മഹാ സഭയുടെ ആവശ്യങ്ങൾ അംഗീകരിച്ചു കൊണ്ടാണ്. പൂർണ സ്വാതന്ത്ര്യത്തിന് പകരം പുത്രികാ രാജ്യ പദവിയാണ് ിപ്പോർട്ട് മുന്നോട്ട് വച്ചത്. അതോടൊപ്പം ഫെഡറൽ ഭരണമെന്ന ആശയം ഉപേക്ഷിച്ച് ഹിന്ദു മഹാ സഭയുടെ ഏക ശിലാ ഭരണം അംഗീകരിച്ചു. അതിന് പുറമേ സംവരണ മണ്ഡലങ്ങളേയും എതിർത്തു. ഇതെല്ലാം മുസ്‌ലിം നേതൃത്വത്തെ നിരാശരാക്കി. മുസ്‌ലിം നേതാക്കൾ റിപ്പാർട്ടിൽ ഭേദഗതി നിർദേശിച്ചപ്പോൾ കോൺഗ്രസ് അംഗീകരിച്ചില്ല. കോൺഗ്രസ് ഹിന്ദു സഭക്ക് കീഴടങ്ങിയത് സഹിക്കാതെ ജിന്നയും, മുഹമ്മദലിയുമെല്ലാം കോൺഗ്രസിനോട് വിട പറഞ്ഞു. ഒത്തു തീർപ്പുകൾക്കൊന്നും ആരും മുന്നോട്ടു വന്നില്ല. പിന്നീട് ബ്രിട്ടീഷ് ഗവൺമെന്റ് വിളിച്ചു ചേർത്ത വട്ടമേശ സമ്മേളനങ്ങളിലും ഒത്തു തീർപ്പുണ്ടായില്ല. 1931ൽ മുഹമ്മദലി മരണപ്പെട്ടതോടെ മുസ്‌ലം നേതൃത്വം പൂർണമായി ജിന്നയുടെ കൈകളിലെത്തി. മിതവാദികളുടെ പക്ഷത്തായിരുന്ന ജിന്ന മുസ്‌ലിം ലീഗിലെത്തിയതോടെ കോൺഗ്രസിനെതിരെയുള്ള സമര പരിപാടികൾ കൂടുതൽ കടുപ്പിച്ചു. മഹാത്മാഗാന്ധിയുടെ ജീവിതരീതിയും സമരപരിപാടികളും മാന്യമാണെന്ന് ജിന്നക്ക് തോന്നിയില്ല. പാശ്ചാത്യ വേഷവും ജീവിതവുമാണ് ജിന്നക്ക് അന്തസ്സിന്റെ ചിഹ്നങ്ങൾ. അത് കൊണ്ട് തന്നെ ഗാന്ധിജിയുമായി ഒത്തു തീർപ്പിന് അദ്ദേഹം പലപ്പോഴും സന്നദ്ധമായില്ല. ജിന്നയെപ്പോലെ ഇക്കാലത്ത് ആനി ബസന്റും ഗാന്ധിജിക്കെതിരെ രംഗത്ത് വന്നു. ഗാന്ധിജിയുടെ മാർഗം വിദേഷത്തിന്റേതാണെന്ന് അവർ പ്രസ്താവിച്ചു. ഗാന്ധിജിയുടെ സമരപരിപാടികളിൽ പ്രതിഷേധ ിച്ച് രണ്ട് പേരും കോൺഗ്രസ് വിടുകയും ചെയ്തു.

**ജിന്നയും ജവഹർലാൽ നെഹ്റുവും**

വട്ടമേശയിൽ ഒത്തു തീർപ്പുണ്ടാകവാത്തതിനെ തുടർന്ന് ബ്രിട്ടീഷുകാർ തന്നെ തങ്ങളുടെ കീഴിൽ ഒരു ഭരണ ഘടന (1935 ആക്ററ്) കൊണ്ടു വന്നു. അതടിസ്ഥാനത്തിൽ നടന്ന തിരഞ്ഞെടുപ്പിൽ മുസ്‌ലിം മേഖലകളിൽ കാര്യമായ സ്വാധീനം നേടാൻ ലീഗിന് കഴിഞ്ഞില്ല. കോൺഗ്രസ് മുന്നേറുകയും ചെയ്തു. അതോടെ കോൺഗ്രസ് ലീഗിനെ അപ്പാടെ തഴഞ്ഞു. 'ഇവിടെ രണ്ട് പാർട്ടികളേ ഉള്ളു- കോൺഗ്രസും ബ്രിട്ടീഷ് സാമ്രാജ്യവും. മൂന്നാമതൊന്ന് ഇല്ലാ' എന്ന് നെഹ്റു പറഞ്ഞു. ഇത് ലീഗ് നേതൃത്വത്തെ കൂടുതൽ ചൊടിപ്പിച്ചു. നെഹ്റുവും ജിന്നയും കടുത്ത വൈരത്തിലായിരുന്നു. 'ആയിരം ജിന്നകളേക്കാൾ നല്ലവനാണ് ഒരു കോൺഗ്രസ് വളണ്ടിയർ' എന്ന് നെഹ്റു പറഞ്ഞു (ഖാൻ ദുർറാനി, *മെയ്കിങ്ങ് ഓഫ് പാകിസ്ഥാൻ*). ജിന്നയെ ജനാധിപത്യ വിരുദ്ധനെന്നും നെഹ്റു ആക്ഷേപിച്ചു. പീററർ പാൻ എന്ന് നെഹ്റു ജിന്നയെ പരിഹസിച്ചു. 'നെഹ്റുവിന് പററിയ പണി കോളജ് പ്രൊഫസറുടേതാണ്. രാഷ്ട്രീയം അദ്ദേഹത്തിനറിയില്ലെന്നും', 'ഹൈന്ദവ കുതന്ത്രത്തെ

പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ പുറം പൂച്ചിലൊളിപ്പിച്ച ധിക്കാരിയായ ബ്രാഹ്മണൻ' എന്നും ജിന്ന തിരിച്ചടിച്ചു. (സ്വാതന്ത്ര്യം അർധ രാത്രിയിൽ, 177).

തിരഞ്ഞെടുപ്പിന് ശേഷം പല പ്രവിശ്യയിലും കോൺഗ്രസ് ഭരണം വന്നു. മുസ്‌ലിം ലീഗിനോട് പ്രതികാരം തീർക്കാൻ മന്ത്രി സഭകളിൽ നിന്ന് മുസ്‌ലിംകളെ തഴഞ്ഞു. കോൺഗ്രസ് ടിക്കററിൽ മുസ്‌ലിംകൾ തിരഞ്ഞെടുക്കാത്തതാണ് കാരണം. ഇത് മുസ്‌ലിംകളെ തന്നെ പ്രകോപിതരാക്കി. ഇതിനെ മുസ്‌ലിം ലീഗുകാരല്ലാത്തവരും വിമർശിച്ചു. കോൺഗ്രസ് നയത്തെ അംബേദ്കർ വിമർശിച്ചു: 'രാജ്യത്ത് ഏക കക്ഷി ഭരണം നടപ്പാക്കാനും മററ് രാഷ്ട്രീയ പാർട്ടികളെ തകർക്കാനുമുള്ള ശ്രമമാണ് കോൺഗ്രസിന്റേത്. ഒരു സർവാധിപത്യ സ്റേററ് സ്ഥാപിക്കാനുള്ള ശ്രമത്തെ ഹിന്ദുക്കൾ സ്വാഗതം ചെയ്തേക്കും. പക്ഷേ, ഒരു സ്വതന്ത്ര ജനത എന്ന നിലക്ക് മുസ്‌ലിംകൾക്ക് അതൊരു രാഷ്ട്രീയ മരണമായിരിക്കും' (*തോട്സ് ഓൺ പാകിസ്ഥാൻ*, 26). കോൺഗ്രസിന്റെ ഭരണം മുസ്‌ലിം ന്യൂനപക്ഷത്തിന്റെ അവകാശങ്ങൾ കവർന്നെടുക്കുക കൂടി ചെയ്തു. ആർ കൂപ്ലാന്റ് അഭിപ്രായപ്പെട്ട പോലെ 'മുസ്‌ലിം ദേശീയതയുടെ ശക്തി അവഗണിച്ചതാണ് കോൺഗ്രസിന് പിണഞ്ഞ അബദ്ധം. മുസ്‌ലിം ലീഗിന്റെ നില നില്പിനെയെങ്കിലും അനുകൂലിച്ചിരുന്നെങ്കിൽ പ്രശ്നങ്ങൾ ഇത്ര വഷളാവുകയില്ലായിരുന്നു. ലീഗിന്റെ നില നിൽപ്പ് തന്നെ കോൺഗ്രസ് ചോദ്യം ചെയ്തു (*റിപ്പോർട്ട് ഓൺ ദി കോൺസ്ററിററ്യൂഷണൽ പ്രോബ്ളംസ് ഇൻ ഇന്ത്യ, 2,15*) അതോടെ മുസ്‌ലിം ലീഗ് കൂടുതൽ ശക്തിപ്പെട്ടു വന്നു. പല പാർട്ടികളിൽ നിന്നും മുസ്‌ലിംകൾ മുസ്‌ലിം ലീഗിലെത്തി. കോൺഗ്രസ് വിരുദ്ധരായ പാർട്ടികളിൽ മഹാ സഭ ഒഴികെയുള്ളവർ ലീഗിനോടൊപ്പം വന്നു.

**ദ്വിരാഷ്ട്ര വാദം**

ഈ സമയത്ത് തന്നെ ഹിന്ദു മഹാ സഭ ദ്വിരാഷ്ട്ര വാദവുമായി വന്നു. 1937ൽ മഹ്മൂദാ ബാദിൽ നടന്ന സഭാ സമ്മേളനത്തിൽ ആധ്യക്ഷം വഹിച്ചു കൊണ്ട് വി.ഡി സവർക്കർ പറഞ്ഞു: 'ഏക രാഷ്ട്രമായി നിലക്കാൻ ഇന്ത്യക്ക് കഴിയില്ല. മുഖ്യമായി ഇന്ത്യയിൽ രണ്ടു രാഷ്ട്രങ്ങളുണ്ട്. ഹിന്ദുക്കളുടേതും മുസ്‌ലിംകളുടേതും. (*സ്വാതന്ത്ര്യ വീര സവർക്കർ*,6,296) പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാൻ ഏക മാർഗം ഇന്ത്യയിലെ മുസ്‌ലിം ഭൂരിപക്ഷ സ്റേററുകളേയും ഹിന്ദു ഭൂരിപക്ഷ സ്റേററുകളേയും വേർതിരിച്ചു കൊണ്ടുള്ള ഒരു ഫെഡറൽ സംവിധാനമാണ് ഇന്ത്യക്കഭികാമ്യമെന്ന് അഭിപ്രായങ്ങൾ വേറെയും വന്നു. അല്ലാമാ ഇഖ്ബാൽ പറഞ്ഞു: ഏൺപത് ദശലക്ഷം ന്യൂനപക്ഷത്തിന് ഏററവും കുറഞ്ഞ സുരക്ഷയെങ്കിലും നല്കാൻ ഭൂരിപക്ഷ സമുദായം തയാറല്ല. ഒരു മൂന്നാം പാർട്ടിയുടെ വാക്ക് അവർ അംഗീകരിക്കുന്നുമില്ല. ഇതാണ് നിലപാടെങ്കിൽ എങ്ങനെയാണ് ഇന്ത്യയുടെ പ്രശ്നങ്ങൾ പരിഹരിക്കുക?' വിശാലമായ ഇന്ത്യൻ ഫെഡറേഷനിൽ മുസ്‌ലിംകൾക്കും ഹിന്ദുക്കൾക്കും വെവ്വേറെ സ്റേററുകളുണ്ടാവുക എന്ന ആശയം അദ്ദേഹം മുസ്‌ലിം ലീഗിന്റെ 1930ലെ ലാഹോർ സമ്മേളനത്തിൽ അവതരിപ്പിച്ചു. ഇങ്ങനെ പറഞ്ഞതിനെയാണ് വിമർശകർ പാകിസ്ഥാൻ വാദത്തിന്റെ ഉപജ്ഞാതാവ് എന്ന് ഇഖ്ബാലിനെ വിളിച്ചത്. അതിന് ഇഖ്ബാൽ തന്നെ മറുപടി പറഞ്ഞു: 'എന്നെ പാകിസ്ഥാൻ പദ്ധതിയുടെ പ്രധാന വക്താവായി ചിത്രീകരിക്കുകയാണ് നിങ്ങൾ. പാകിസ്ഥാൻ എന്റെ പദ്ധതിയേ അല്ല. എന്റെ പ്രസംഗത്തിൽ മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു വടക്കു പടിഞ്ഞാറൻ സംസ്ഥാനം വേണമെന്ന് മാത്രമാണ് ഞാൻ ആവശ്യപ്പെട്ടത്. ആ സംസ്ഥാനം ഇന്ത്യൻ ഫെഡറേഷനിലായിരിക്കണം.' (എസ്.എം.എച്ച് ബർണി, *ഇഖ്ബാൽ പോയററ് പാട്രിയട്ട് ഓഫ് ഇന്ത്യ*, 1987, 118).

പാകിസ്ഥാൻ പദ്ധതി കേംബ്രിഡ്ജ് വിദ്യാർഥി റഹ്മത് അലിയുടേതാണ്. അദ്ദേഹം ആവശ്യപ്പെട്ടത് സ്വതന്ത്രമായ ഒരു രാഷ്ട്രമായിരുന്നു. ഈ വാദങ്ങളെയൊന്നും അന്ന് മുസ്‌ലിംലീഗ് ഔദ്യോഗികമായി അംഗീകരിച്ചിരുന്നില്ല. മുസ്‌ലിം സ്റേററിന്റെ കാര്യം ഇഖ്ബാൽ പറഞ്ഞപ്പോൾ ജിന്ന പറഞ്ഞത് 'അതൊരു കവിയുടെ സ്വപ്നം മാത്രമെ'ന്നാണ്. പാകിസ്ഥാൻ എന്ന പദ്ധതി കേവലം ഒരു വിദ്യാർഥിയുടെ കല്പിത കഥയായി അദ്ദേഹം തള്ളി. റഹ്മത് അലി ജിന്നയെ 'സമുദായത്തിന്റെ യൂദാസ്' എന്നാണ് വിളിച്ചത്. എന്നാൽ എല്ലാവരും മുസ്‌ലിം സ്റേററിന്റെ കാര്യം പറഞ്ഞപ്പോൾ ജിന്നക്ക് മാറി നില്ക്കാനായില്ല. 1940ലെ ലാഹോർ സമ്മേളനത്തിൽ ഇഖ്ബാലിന്റെ ആശയം പ്രമേയമായി വന്നു. ഇന്ത്യയിൽ ഹിന്ദു മുസ്‌ലിം സ്റേറുശൾ നിർമിച്ച്

പൊതുവായ ഭരണ ഘടനയുണ്ടാക്കുക.' താമസിയാതെ പാകിസ്ഥൽ പ്രമേയം എന്ന പേരിൽ മാധ്യമങ്ങൾ ഇത് റിപ്പോർട്ട് ചെയ്തു. സത്യത്തിൽ പ്രമേയത്തിലെവിടേയും പാകിസ്ൻ പദമുണ്ടായിരുന്നില്ല. പുതിയൊരു രാജ്യത്തിന്റെ കാര്യവും പറഞ്ഞിരുന്നില്ല. മാധ്യമങ്ങളും കോൺഗ്രസും ചേർന്ന് അതിനെ പാകിസ്ഥാൻ പ്രമേയം എന്നാക്കി. ഈ പ്രമേയത്തിന് ഇരുപത്തിനാല് മണിക്കൂർ പോലും ജീവിക്കാനാവില്ലെന്ന് നെഹ്റു. ഈ വാദത്തിന് ഒരിക്കലും ഞാനില്ലെന്നും ഇസ്ലാമിന്റെ ആത്മാവിന് തന്നെ നിരക്കാത്തതാണ് ഇതെന്നും കോൺഗ്രസ് പ്രസിഡണ്ട് ആസാദ്. വിഭജനം ദൈവ നിഷേധമാണെന്ന് പറഞ്ഞ ഗാന്ധിജി,, പകിസ്ഥാന്റെ കാര്യത്തിൽ തനിക്ക് മാനസിക പ്രശ്നങ്ങളൊന്നുമില്ലെന്നും എന്ത് സംഭവിച്ചാലും പാകിസ്ഥാൻ ഹിന്ദുസ്ഥാനത്തിന് പുറത്തല്ലാ എന്നും എല്ലാവരും സ്വാതന്ത്ര്യത്തിന് വേ യിയാണ് പൊരുതേണ്ടതെന്നും പറഞ്ഞു. വിഭജനം തടുക്കാൻ അഹിംസാത്മകമായ എല്ലാ മാർഗങ്ങളും താൻ അവലംബിക്കുമെന്നും ഗാന്ധിജി പ്രസ്താവിച്ചു (*ഹരിജൻ* 13 എപ്രിൽ 1940)

**അംബേദ്കർ**

ഇസ്ലാം മതത്തിന്റെ കടുത്ത വിമർശകനായിരുന്ന ഡോ. അംബേദ്കർ ബോംബെ ബാറിൽ അഭിഭാഷകനായിരിക്കെ ജിന്നയുമായി സൗഹൃദം സ്ഥാപിച്ചു. അധഃസ്ഥിതനായിരുന്നത് കൊണ്ട് തന്നോടുള്ള ബാറിലെ സവർണ അഭിഭാഷകരുടെ അസ്പൃശ്യത നിമിത്തം ഇംഗ്ലീഷുകാരുമായും ഇതര മതക്കാരുമായി അദ്ദേഹത്തിന് അടുത്ത ബന്ധമുണ്ടായിരുന്നു. അവിടെ വച്ച് ജിന്നയുമായുണ്ടായ സൗഹൃദം, ആദ്യമേ കോൺഗ്രസു് വരോധിയായ അംബേദ്കർ പാകിസ്ഥാൻ വാദത്തെ അനുകൂലിച്ച് രംഗത്ത് വന്നു. 'സ്വാഭിപ്രായമുള്ളവനും മൂടുപടമില്ലാത്തവനും അഴിമതിയില്ലാത്തവനുമാണ് ജിന്ന' എന്ന് അദ്ദേഹം ജിന്നയെ പ്രശംസിക്കുകയും ചെയ്തു. 'ജിന്നയെപ്പോലെ അഴിമതിയില്ലാത്ത മററാരെങ്കിലും ഇന്ത്യയിലുണ്ടോ' എന്ന് കൂടി അദ്ദേഹം ചോദിക്കുന്നുണ്ട് (*പാകിസ്ഥാൻ ഓർ പാർടീഷൻ ഓഫ് ഇന്ത്യ*, 323). ഹിന്ദുക്കളുടേയും മുസ്ലിംകളുടേയും സംരക്ഷണത്തിന് പാകിസ്ഥാൻ അനുവദിക്കലാണ് അഭികാമ്യം. മുസ്ലിംകൾക്ക് അത് നല്കുക തന്നെ വേണം( അതേ പുസ്തകം).

എന്തായാലും പാകിസ്ഥാൻ എന്ന പദം ജനങ്ങളിൽ രൂഢമൂലമായി. അനുകൂലിച്ചും എതിർത്തും ജനങ്ങൾ വിവാദങ്ങളിൽ മുഴുകി. കോൺഗ്രസിലും ഭിന്ന സ്വരങ്ങൾ വന്നു. ജിന്നയുമായി ഒത്തു തീർപ്പുണ്ടാക്കണമെന്ന് ഒരു വിഭാഗം ആവശ്യപ്പെട്ടപ്പോൾ നെഹ്റും ആദ്യം ഒന്നിനും സമ്മതിച്ചില്ല. പിന്നീട് പാകിസ്ഥാനനുകൂലമായ പ്രകടനമാണ് നെഹ്റുവിലും പട്ടേലിലിും ക ത്. ഒരു സംയുക്ത സ്ററേററിനേക്കാളും നല്ലത് കെട്ടുറപ്പുള്ള ഏക ഭരണമാണെന് അവർ കരുതി. മുസ്ലിം ലീഗിന്റെ കൂടെ ഭരിക്കുന്നത് അവർക്ക് ചിന്തിക്കാൻ പോലും കഴിയുമായിരുന്നില്ല. കെട്ടുറപ്പുള്ള ഒരു സ്റേററാണ് അവരാഗ്രഹിച്ചത്. ഇക്കാര്യം ജിന്നയെ കുറിച്ചുള്ള പുസ്തകത്തിൽ ആയിശ ജലാൽ പറയുന്നു ്. നെഹ്റു ഒരിക്കൽ രോഷത്തോടെ പറഞ്ഞു: ഞാൻ പാകിസ്ഥാനെ അംഗീകരിക്കുന്നു. അതോട് കൂടി എന്തെല്ലാം പോകുന്നുവോ അവയേയും. ഈ വിഭിന്നമായ അധികാരത്തെ (മുസ്ലിം ലീഗ്) പുറന്തള്ളാൻ വേ ി ഞാൻ പൂർണമായും മററുള്ളവരോട് കൂടി ചേരാൻ ആഗ്രഹിക്കുന്നു.' (എം.എ കരന്തികർ, *ഇസ്ലാം ഇൻ ഇന്ത്യാസ് ട്രാൻസിഷൻററു മോഡേണിററി*, 162). മൗലാനാ ആസാദ് എഴുതുന്നു: 'യഥാർഥത്തിൽ മൗ ് ബാററൻ വരും മുമ്പ് തന്നെ സർദാർ പട്ടേൽ അമ്പത് ശതമാനവും പാകിസ്ഥാനനുകൂലമായിരുന്നു. മുസ്ലിം ലീഗിനോടൊപ്പം പ്രവർത്തിക്കാനാവില്ലെന്ന് അദ്ദേഹത്തിന് നേരിട്ട് ബോധ്യപ്പെട്ടിരുന്നു. ലീഗിനെ മാററിക്കിട്ടാൻ ഇന്ത്യയുടെ ഒരു ഭാഗം തന്നെ കൊടുക്കാനും അദ്ദേഹം തയാറായിരുന്നു ഇന്ത്യാ വിഭജനത്തിന്റെ സ്ഥാപകൻ വല്ലഭായി പട്ടേൽ ആണെന്ന് പറഞ്ഞാൽ കുഴപ്പമൊന്നുമില്ല' (ഇന്ത്യാ വിൻസ് ഫ്രീഡം, 197-98). ഹിന്ദു മഹാ സഭാ നേതാവ് വീര സവർക്കർ വീ ും ദ്വിരാഷ്ട്രവുമായെത്തി: 'ജിന്നയുടെ ദ്വിരാഷ്ട്ര വാദത്തോട് എനിക്ക് കലഹമൊന്നുമില്ല. ഹിന്ദുവും മുസ്ലിമും ര ു രാഷ്ട്രങ്ങളാണെന്നത് വരു ചരിത്ര യാഥാർഥ്യമാണ്(ഇന്ത്യൻ എഡ്യൂക്കേഷണൽ റെജിസ്ററർ, 1943, 2,10). കോൺഗ്രസിന്റെ കൂടെ നിന്ന ജംഇയ്യത്തുൽ ഉലമായേ ഹിന്ദ് പാകിസ്ഥാന്റെ പേരിൽ ര ായി. ശബ്ബീർ ഉസ്മാനിയുടെ നേതൃത്വത്തിൽ ഒരു വിഭാഗം പാകിസ്ഥാന് അനുകൂലമായി വന്നു. മത വിരുദ്ധനായ ജിന്നയിൽ

നിന്ന് എങ്ങനെയാണ് ഒരു മുസ്‌ലിം സ്റേററ് പ്രതീക്ഷിക്കുക എന്ന ചോദ്യവുമായി വേറെയൊരു വിഭാഗം പണ്ഡിതൻമാരും രംഗത്തു ായിരുന്നു.

**ശത്രുത വർധിക്കുന്നു**

ജിന്ന മുസ്‌ലിം സ്റേററിന്റെ ആവശ്യത്തിൽ ശക്തമായി വാദിച്ചു തുടങ്ങി. കോൺഗ്രസുമായി ഒരു ഒത്തു തീർപ്പും സാധ്യമല്ലാത്ത രീതിയിൽ സ്ഥിതിഗതി വഷളായി. കോൺഗ്രസിന്റെ പ്രസിഡണ്ട് ആസാദായിരുന്നു. ആസാദും ജിന്നയും ഒരിക്കലും ചേരാത്തവരായി. ആസാദും ജിന്നയും തമ്മിലുള്ള പോരിന് ശക്തി കൂടി. ഒരു മുസ്‌ലിം അടയാളവുമില്ലാത്ത ജിന്നക്ക് മുസ്‌ലിംകളുടെ നേതാവാകാൻ അർഹതയില്ലെന്ന് ആസാദ് തുറന്നടിച്ചു. ഖാഇദേ അഅ്സം എന്ന പേരിനും ജിന്നക്ക് അർഹതയില്ലെന്നും പറഞ്ഞു. ജനങ്ങൾ ആ വിളിപ്പേരിൽ വീണ് പോയതാണ്' (അതേ പുസ്തകം 97). എന്തായാലും ജിന്നയെ ആസാദ് ചർച്ചക്ക് വിളിച്ചു. ജിന്ന ഇപ്രകാരം തിരിച്ചടിച്ചു: എഴുത്തിലൂടെയോ മറേറത് വഴിയിലൂടെയോ താങ്കളുമായി ചർച്ച നടത്താൻ ഞാൻ തയാറല്ല. മുസ്‌ലിം ഇന്ത്യയുടെ വിശ്വാസം മുഴുവൻ നിങ്ങൾ നഷ്ടപ്പെടുത്തിയിരിക്കുന്നു. കോൺഗ്രസ് ദേശീയമാണെന്ന് വരുത്താനും വിദേശ രാജ്യങ്ങളെ വഞ്ചിക്കാനും വേണ്ടിയുള്ള പാർട്ടിയുടെ ഒരു മുസ്‌ലിം ഷോബോയ് പ്രസിഡണ്ട് മാത്രമാണ് നിങ്ങൾ. കോൺഗ്രസ് ഒരു ഹിന്ദു സംഘടനയാണ്. നിങ്ങൾക്ക് ആത്മാഭിമാനമുണ്ടെങ്കിൽ ഉടനെ രാജിവയ്ക്കുക. ഏററവും ദുഷ്ടതയാണ് നിങ്ങൾ ഇത് വരെ ലീഗിനോട് ചെയ്തത്.' ഒത്തു തീർപ്പിലെത്തുന്നതിന് തടസ്സം നേരിട്ടത് പലപ്പോഴും ജിന്നയുടേയും ആസാദിന്റേയും നിലപാടുകൾ മൂലമാണെന്ന് കാണാം.

1942ൽ വൈസ്രോയ് ഒത്തു തീർപ്പിന്ന് വേ ി സ്ററാഫോഡ് ക്രിപ്സിന്റെ കീഴിൽ ഒരു ദൗത്യ സംഘത്തെ അയച്ചു. പുതിയ ഭരണ ഘടന ഉ ാക്കുന്നുവെന്നും അതംഗീകരിക്കാൻ തയാറില്ലാത്ത പ്രവിശ്യകൾക്ക് വേറെ ഭരണ ഘടനയുമായി പോവാമെന്നുമുള്ള ഒരു പരാമർശം ക്രിപ്സിന്റെ റിപ്പോർട്ടിലു ായിരുന്നു. രാജഗോപാലചാരി (രാജാജി) ഒഴികെയുള്ള കോൺഗ്രസ് നേതൃത്വം ക്രിപ്സ് ദൗത്യത്തെ തള്ളി. മുസ്‌ലിം സ്റേററെന്ന ആശയം ന്യായമാണെന്ന് കൂടി രാജാജി പ്രസ്താവിച്ചു. ഇങ്ങനെ പരസ്യ പ്രസ്താവന നടത്തിയതിന്റെ പേരിൽ കോൺഗ്രസിൽ തർക്കമു ായി. രാജാജി കോൺഗ്രസ് വിടണമെന്ന് പാർട്ടി സെക്രട്ടരി കൃപലാനി ആവശ്യപ്പെട്ടു. രാജാജി ഒരു കൂസലുമില്ലാതെ രാജിവച്ചു. നിയമസഭാംഗതമവും വെടിഞ്ഞു. കൂടെ ഏതാനും പേരും പാർട്ടി വിട്ടു. രാജാജിയോട് ചെയ്തത് ചട്ടമ്പിത്തരമാണെന്ന് ഗാദ്ധിജി പിന്നീട് പറഞ്ഞു. രാജാജി പറഞ്ഞു: 'ലീഗുമായി ഒരു ഒത്തു തീർപ്പു ാക്കുന്നത് കൊ ് തനിക്ക് മാത്രമായി എന്തെങ്കിലും നേട്ടമില്ല. തന്റെ വീക്ഷണത്തിലേക്ക് കോൺഗ്രിനേയും ഇന്ത്യൻ ജനതതേയും ഞാൻ കൊ ് വരും' (വാട്ട് *പ്രൈസ് ഫ്രീഡം*, 99). 1946ലെ തിരഞ്ഞെടുപ്പിൽ മുസ്‌ലിം മണ്ഡലങ്ങളിൽ 86ശതമാനവും ലീഗ് നേടി. അപ്പോൾ ഒരു മുസ്‌ലിം സ്റേറിന് മുസ്‌ലിംകൾ അനുകൂലമാണെന്ന് വ്യക്തം. പക്ഷേ ആ സ്റേററിനെ കുറിച്ച് ഒന്നും ജനങ്ങൾക്ക് അറിയില്ല. അവരെ നയിക്കുന്ന മുസ്‌ലിം ലീഗ് അതെങ്ങനെയാണ് പറഞ്ഞു കൊടുത്തിട്ടുമില്ല. എങ്ങനെയാണ് ആ സ്റേററു ാവുക എന്ന് മുസ്‌ലിം ലീഗിനും എത്തും പിടിയില്ല. കോൺഗ്രസാവട്ടെ കാല് ര ് തോണിയിൽ. ഉള്ളിൽ പാകിസ്ഥാനനുകൂലം; പുറത്ത് പാകിസ്ഥാനെതിരും. തികച്ചും വിക്ഷോഭകരമായ പ്രസ്താവനകളാണ് ഇരു പാർടികളും നടത്തിയിരുന്നത്. പ്രശ്നം വഷളാക്കാൻ ഇത് തന്നെ മതിയല്ലോവീ ും

**വീ ും ഒത്തു തീർപ്പ്**

ര ാം ലോക യുദ്ധത്തിന് ശേഷം ഇംഗ്ല ിൽ ലേബർ പാർട്ടി അധികാരത്തിലെത്തിയപ്പോൾ ഇന്ത്യയിലെ പ്രശ്നം പരിഹരിക്കാൻ ഒരു കാബിനററ് സംഘത്തെ ഇന്ത്യയിലേക്കയച്ചു. ഇടക്കാല സർക്കാറു ാക്കാൻ ആദ്യം ജിന്നയെ ക്ഷണിക്കാനും ജിന്ന തയാറല്ലെങ്കിൽ കോൺഗ്രസ് വരട്ടേയെന്നും ഗാന്ധിജി കാബിനററ് സംഘത്തോട് നിർദേശിച്ചു. ഇത് ഗാന്ധിജിയും കോൺഗ്രസും തമ്മിലുള്ള ബന്ധം വഷളാവാൻ കാരണമായി. എന്നാലും ദ്വിരാഷ്ട്രം ഒഴിവാക്കുക എന്നതായിരുന്നു ഗാന്ധിജി ലക്ഷ്യമിട്ടത്. ഒത്തു തീർപ്പിന് വേ ി പാകിസ്ഥാൻ വാദം ഉപേക്ഷിക്കാൻ വരെ ദൗത്യ സംഘത്തിന്റെ മുമ്പിൽ ലീഗ് തയാറായി. മുസ്‌ലിം ഭൂരിപക്ഷ

പ്രവിശ്യകളെ ഒരു ഗ്രൂപ്പായും ഹിന്ദു ഭൂരിപക്ഷ പ്രവിശ്യകളെ മററൊരു ഗ്രൂപ്പായും മാററി ഒരു ഫെഡറൽ സർക്കാർ കൊ ു വരിക എന്ന നിർദേശത്തിൽ എല്ലാവരും യോജിച്ചു. ഗാന്ധിജിയും മുസ്‌ലിം ലീഗും കാബിനററ് ഫോർമുലയെ സ്വാഗതം ചെയ്തു. ഒടുവിൽ കോൺഗ്രസും സമ്മതം മൂളി. എന്നാൽ ഒരു പത്ര സമ്മേളനത്തിൽ കോബിനററ് ഫോർമുല കോൺഗ്രസ് ആവശ്യമെങ്കിൽ തിരുത്തും എന്ന് നെഹ്റു പറഞ്ഞത് വീ ും കോലഹലങ്ങൾക്ക് വഴി വച്ചു. ഒത്തു തീർപ്പു പ്രകാരം അത് തിരുത്താൻ ആർക്കും അവകാശമില്ല. പക്ഷേ, ഭൂരിപക്ഷം ഉപയോഗിച്ച് കോൺഗ്രസ് തിരുത്തും എന്നതാണ് നെഹ്റു പറഞ്ഞതിന്റെ പൊരുൾ. സത്യത്തിൽ നെഹ്റു ഇഷ്ടപ്പെട്ടത് കൊ ായിരുന്നില്ല മിഷൻ ഫോർമുല അംഗീകരിച്ചത്. ഗാന്ധിജി അംഗീകരിച്ചത് കൊ ് നെഹ്റുവിന് മററ് മാർഗങ്ങളൊന്നുമു ായിരുന്നില്ല. നെഹ്റുവിന്റെ പ്രസ്താവന ജിന്നയെ പ്രകോപിപ്പിച്ചു. അദ്ദേഹം വീ ും പാകിസ്ഥാൻ വാദമെടുത്തിട്ടു. ഇനിയും കോൺഗ്രസുമായി ഒത്തു തീർപ്പിനില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. നെഹ്റുവിന്റെ പ്രസ്താവന തെററായിപ്പോയെന്ന് ആസാദ് രേഖപ്പെടുത്തി.(ഇന്ത്യവിൻസ് ഫ്രീഡം, 164)

**ഒടുവിൽ വിഭജനം**

മുസ്‌ലിം ലീഗ് പ്രത്യക്ഷ നടപടി ദിനം പ്രഖ്യാപിച്ചു അത് ജനസാഗരമായി. പലേടത്തും കലാപങ്ങൾ പൊട്ടി. കോൺഗ്രസിന്റെ നേതൃത്വത്തിൽ ഇടക്കാല സർക്കാറുണ്ടാക്കിയെങ്കിലും ലീഗും കോൺഗ്രസും തമ്മിൽ വഴക്കോട് വഴക്കായി. ധനമന്ത്രി ലീഗിലെ ലിയാഖത് അലിഖാൻ പല പദ്ധതികൾക്കും പണം നിഷേധിച്ചത് കുഴപ്പമുണ്ടാക്കി. നിയമനിർമാണ സഭയും മുസ്‌ലിം ലീഗും കോൺഗ്രസും തമ്മിലുള്ള നിരന്തര ബഹളത്തിലാണ് തുടർന്നത്. അപ്പോഴേക്കും ഇംഗ്ല ിൽ നിന്ന് ലേബർ ഗവൺമെന്റ് വൈസ്രോയിയായി മൗ ് ബാററനെ ഇന്ത്യയിലേക്കയച്ചു. ഇദ്ദേഹം നെഹ്റുവിന്റെ ആത്മ സുഹൃത്തായത് കൊ ് കോൺഗ്രസിനനുകൂലമായി കാര്യങ്ങൾ നീങ്ങി. ഇന്ത്യയെ വെട്ടി മുറിച്ച് ര ാക്കി ഓരോ വലിയ വിഹിതം കോൺഗ്രസിനും ചെറിയത് മുസ്‌ലിം ലീഗിനും നല്കിക്കൊ ് സ്വാതന്ത്ര്യം പ്രഖ്യാപിക്കാനുള്ള തീരുമാനവുമായാണ് ബാററൻ വന്നത്. ഇന്ത്യയെ വിഭജിക്കാൻ അദ്ദേഹം മി. റാഡ് ക്ലിഫിന്റെ കൈയിൽ ഒരു മഴു കൊടുത്തു. റാഡ് ക്ലിഫ് ഇന്ത്യയെ വെട്ടി മുറിച്ചു. കോൺഗ്രസും ലീഗും തങ്ങൾക്കെന്ത് കിട്ടും എന്ന് ആർത്തിയോടെ നോക്കിക്കൊ ിരുന്നു. ഇവരുടെ രാഷ്ട്രീയ വൈരങ്ങൾക്ക് ബ്രിട്ടീഷുകാർ വെള്ളവും വളവും നല്കുകയും ചെയ്തു. ആയിരിക്കണക്കിനാളുകൾ മരിച്ചു വീഴുമ്പോഴും ആ അധികാരക്കൊതിയൻമാരുടെ മനസ്സിന് ഒരു കുലുക്കവുമു ായില്ല. ഇന്ത്യ ഒന്നായിക്കാണാൻ തന്റെ ജീവിതം സമർപ്പിച്ച മഹാത്മജി നിരാശനായി. കൂട്ടക്കൊലകൾ കാണാൻ അദ്ദേഹത്തിന് കരുത്തു ായില്ല. ബംഗാളിന്റെ ഗ്രാമപ്രദേകങ്ങളിൽ സമാധാനത്തിന്റെ വെള്ളരിപ്രാവായി അദ്ദേഹം പാറി നടന്നു. അവസാനം അദ്ദേഹത്തെയും അധികാരക്കൊതിയൻമാർ വെടി വച്ചിട്ടു. ആർക്കാണ് വിഭജനം ഗുണം ചെയ്തത്? ഇന്ത്യയുടെ ഗ്രാമങ്ങളിൽ ജീവിക്കാൻ പാട് പെട്ട കോടാനകോടി പാവങ്ങൾക്കല്ല; മറിച്ച് അധികാരക്കൊതിയിൽ രാജ്യത്തെ വെട്ടി മുറിക്കാൻ കൂട്ടു നിന്ന രാഷ്ട്രീയത്തമ്പുരാക്കൾക്കും രാജ്യത്തെ വിററ് കീശ വീർപ്പിക്കാൻ വന്ന ബ്രിട്ടീഷുകാർക്കും.

-------------------